# കേരളസർവകലാശാല

നം.പി.ആർ.222 (a)/2023 തിരുവനന്തപുരം, തീയതി: 28/10/2023

## പത്രക്കുറിപ്പ്

### അഡ്വാൻസ്ഡ് സെന്റർ ഫോർ റീജെനറേറ്റീവ് മെഡിസിൻ ആന്റ് സ്റ്റെം സെൽ റിസർച്ച് ഇൻ ക്യൂട്ടേനിയസ് ബയോളജിയുടെ ശിലാസ്ഥാപനം നടത്തി

കേരളസർവകലാശാല ജന്തുശാസ്ത്ര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന റീജെനറേറ്റീവ് മെഡിസിൻ ആന്റ് സ്റ്റെം സെൽ റിസർച്ച് ഇൻ ക്യൂട്ടേനിയസ് ബയോളജി (AcREM - Stem) അഡ്വാൻസ്ഡ് സെന്റർ കെട്ടിടത്തിന്റെ ശിലാസ്ഥാപനം ആദരണീയനായ കേരളസർവകലാശാല വൈസ് ചാൻസിലർ പ്രൊഫ.(ഡോ.) മോഹനൻ കുന്നുമ്മൽ നിർവ്വഹിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.ഗോപ്ചന്ദ്രൻ കെ.ജി., പ്രൊഫ.(ഡോ.) പി.എം.രാധാമണി, അഡ്വ. മുരളീധരൻ പിള്ള ജി., ഡോ.ഷിജുഖാൻ ജെ.എസ്., ശ്രീ.ആർ.രാജേഷ്, കേരളസർവകലാശാല രജിസ്ട്രാർ പ്രൊഫ.(ഡോ.) കെ.എസ്.അനിൽകുമാർ, സെനറ്റ് അംഗങ്ങൾ എന്നിവർ സന്നിഹിതരായി. കേരള സർക്കാരിന്റെ 2020-2021 സാമ്പത്തിക വർഷത്തിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ കോളേജുകൾക്കും, സർവകലാശാലകൾക്കും അനുവദിക്കപ്പെട്ട PLEASE (Performance Linked Encouragement for Academic Studies and Endeavour) പ്രോഗ്രാമിലൂടെയാണ് ACREM-Stem ന്റെ കെട്ടിട നിർമ്മാണം കേരളസർവകലാശാല കാര്യവട്ടം കാമ്പസ്സിൽ നടത്തുന്നത്. റീജെനറേറ്റീവ് മെഡിസിൻ ഗവേഷണ രംഗത്ത് നൂതന കണ്ടുപിടുത്തങ്ങളുടെ സാധ്യതയാണ് ഈ സെന്റർ പൂർണ്ണമായും സജ്ജമാകുന്നതിലൂടെ കൈവരിക്കുന്നതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ വൈസ് ചാൻസിലർ പറഞ്ഞു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ NAAC A++ നേട്ടം കരസ്ഥമാക്കിയ കേരളസർവകലാശാലയെ സംബന്ധിച്ചിടത്തോളം ACREM - Stem ന്റെ കെട്ടിട നിർമ്മാണം ആരോഗ്യ - ശാസ്ത്ര മേഖലാ രംഗത്ത് കൂടുതൽ ശ്രദ്ധേയമായ ഇടപെടലുകൾക്ക് വഴി തെളിക്കുന്നു. കാര്യവട്ടം കാമ്പസ്സിന്റെ നോർത്ത് കാമ്പസ്സിൽ നടന്ന ചടങ്ങിൽ ജന്തുശാസ്ത്ര വിഭാഗം വകുപ്പ് മേധാവി ഡോ.ജി. പ്രസാദ് അദ്ധ്യക്ഷനായി. ACREM - Stem ഡയറക്ടർ ഡോ.പി.ശ്രീജിത്ത് നന്ദി രേഖപ്പെടുത്തി.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For querieshelpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in